പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3870

19 . 2 . 2 0 1 3- ൽ മറുപടി പറയേണ്ടിയിരുന്നത്.

## മന്ത്രിയ്ക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

**ചോദ്യം**

ശ്രീ.കെ.സുരേഷ് കുറുപ്പ് :
ശ്രീ.പി.റ്റി.എ.റഹിം :
ശ്രീ.സി.കെ.സദാശിവൻ :
ശ്രീ.എസ്.രാജേന്ദ്രൻ :

(എ) ഈ സർക്കാരിലെ ഏതെങ്കിലും മന്ത്രിക്കെതിരെ കൈക്കൂലി വാങ്ങിയെന്ന പരാതിയിന്മേൽ വിജിലൻസ് കോടതി, ഹർജി ഫയലിൽ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കെതിരെ ഏത് കോടതിയിലാണെന്നും പരാതിയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ; പരാതിയോടൊപ്പം എന്തെല്ലാം തെളിവുകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

(എ) യും (ബി)യും

ഒരു മന്ത്രിക്കെതിരെയും കൈക്കൂലി വാങ്ങിയെന്നാരോപിക്കപ്പെട്ട പരാതി ഇല്ല. എന്നാൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് -രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ ടി വകുപ്പുകളിലെ രണ്ട് ഉദ്യോഗസ്ഥർക്കെതിരെ കൈക്കൂലി വാങ്ങിയെന്നാരോപിച്ച് തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിക്കപ്പെട്ട CMP No.800/2012, CMP No.66/2013 എന്നീ രണ്ട് പരാതികളിൽ 6-ഉം, 11-ഉം എതിർകക്ഷികളുടെ പട്ടികയിൽ വകുപ്പു മന്ത്രിയെക്കൂടി ചേർത്തിരിക്കുകയാണ്.

CMP No.800/2012 എന്ന പരാതിയോടൊപ്പം 4 പേരുടെ സാക്ഷിപ്പട്ടികയും, കൂടാതെ ദേശാഭിമാനി, മലയാള മനോരമ പത്ര വാർത്തകളുടെ പകർപ്പുകളും, രണ്ട് സി.ഡികളും ഹാജരാക്കിയിട്ടുണ്ട്.

CMP No.66/2013 എന്ന പരാതിയോടൊപ്പം 5 പേരുടെ സാക്ഷിപ്പട്ടികയും, 5 ഔദ്യോഗിക രേഖകളുടെ പകർപ്പുകളും ഹാജരാക്കിയിട്ടുണ്ട്.

Manjick

സെക്ഷൻ ആഫീസർ